# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3962 25.06.2014 ൽ മറുപടിക്ക്

## സർക്കാർ ആശുപത്രികളിലെ അടിസ്ഥാന സൗകര്യ വികസനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബെന്നി ബഹനാൻ<br>" പി. സി. വിഷ്ണുനാഥ്<br>" എ. പി. അബ്ദുള്ളക്കുട്ടി<br>" എ. റ്റി. ജോർജ് | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സർക്കാർ ആശുപത്രികളുടെ അടിസ്ഥാന സൗകര്യവികസനത്തിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് ; വിശദമാക്കാമോ ; | (എ) സ.ഉ (സാധാ) നം.114/2013/റ്റി.ഡി തീയതി 05.02.2013 ഉത്തരവ് പ്രകാരം സംസ്ഥാനത്ത് ആരോഗ്യ വകുപ്പിന്റെ 27 സ്ഥാപനങ്ങളിൽ ഡയാലിസിസ് യൂണിറ്റുകൾ തുടങ്ങുവാൻ ഉത്തരവായിട്ടുണ്ട്. 2013-14 ലെ പ്ലാൻ ബജറ്റിൽ 2210 ശീർഷകത്തിൽ 42 സംസ്ഥാന പദ്ധതികളിലൂടെയും 5 കേന്ദ്രാവിഷ്കൃത പദ്ധതികളിലും 4210 ശീർഷകത്തിൽ 8 പദ്ധതികളിലുമായി ആരോഗ്യ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ ബ്ലഡ് ബാങ്കുകളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തൽ, തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തൽ, ഫിസിക്കൽ മെഡിസിൻ യൂണിറ്റുകൾക്ക് ആവശ്യമായ ഉപകരണങ്ങൾ നല്കൽ, ഡെന്റൽ യൂണിറ്റുകൾ ശക്തിപ്പെടുത്തൽ, ടെലിമെഡിസിൻ യൂണിറ്റുകൾക്ക് ആവശ്യമായ പ്രവർത്തനങ്ങൾ, ജില്ലാ മെന്റൽ ഹെൽത്ത് പ്രോഗ്രാമുകൾ, വിവിധ സ്ഥാപനങ്ങൾക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങൽ, വന്ധ്യത ചികിത്സാ സൗകര്യം മെച്ചപ്പെടുത്തൽ, സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണം, ട്രോമാ കെയർ സംവിധാനം ശക്തിപ്പെടുത്തൽ, ലഹരി വിമുക്ത സെന്ററുകൾക്ക് ആവശ്യമുള്ള ഉപകരണങ്ങൾ വാങ്ങലും നിർമ്മാണപ്രവർത്തനവും; സി.എച്ച്.സി മുതൽ ജനറൽ |

ആശുപത്രിവരെയുള്ള സ്ഥാപനങ്ങളിലെ ലാബ് സൗകര്യം മെച്ചപ്പെടുത്തൽ, തെരഞ്ഞെടുത്ത താലൂക്ക് ആശുപത്രികളിൽ മെറ്റേണിറ്റി യൂണിറ്റുകൾ ശക്തിപ്പെടുത്തൽ, മെഡിക്കൽ റെക്കാർഡ് ലൈബ്രറി ശക്തിപ്പെടുത്തൽ, കാൻസർ കെയർ യൂണിറ്റുകൾ ശക്തിപ്പെടുത്തൽ, പബ്ലിക് ഹെൽത്ത് ലാബുകൾ ശക്തിപ്പെടുത്തൽ, തിരുവനന്തപുരം ജനറൽ ആശുപത്രിയും സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയും സംയോജിപ്പിച്ച് മെഡിക്കൽ കോളേജ് സ്ഥാപിക്കൽ എന്നീ അടിസ്ഥാന സൗകര്യ വികസനം വിഭാവനം ചെയ്തിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെ ലെപ്രസി ഇറാഡിക്കേഷൻ പ്രോഗ്രാം, ബ്ലൈന്റ്നസ് കൺട്രോൾ പ്രോഗ്രാം, അയഡിൻ ഡെഫിഷ്യൻസി പ്രോഗ്രാം, എൻ.എ.സി.പി ട്രെയിനിംഗ് പ്രോഗ്രാം, റ്റി.ബി കൺട്രോൾ പ്രോഗ്രാം എന്നീ പ്രവർത്തനങ്ങൾ വിഭാവനം ചെയ്തിട്ടുണ്ട്. കൂടാതെ സംസ്ഥാന പദ്ധതികളിലൂടെ പെയിൻ & പാലിയേറ്റീവ് സെന്ററുകളുടെ നിർമ്മാണപ്രവൃത്തികൾ, ആരോഗ്യവകുപ്പിന് കീഴിലുള്ള തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിലെ നിർമ്മാണ പ്രവൃത്തികൾ ഡയഗ്നോസ്റ്റിക് സേവനങ്ങൾ ശക്തിപ്പെടുത്തൽ, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി സ്ഥാപിക്കൽ, ആരോഗ്യ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ ശക്തിപ്പെടുത്തൽ എന്നിവയും വിഭാവനം ചെയ്തിട്ടുണ്ട്.

| | |
|---|---|
| (ബി) പദ്ധതികൾക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ; | (ബി) അടിസ്ഥാന സൗകര്യ വികസനത്തിനായി വിഭാവനം ചെയ്തിട്ടുള്ള പദ്ധതികളിൽ 'ആരോഗ്യവകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങൾ ശക്തിപ്പെടുത്തൽ' എന്ന സ്കീമിൽ ഉൾപ്പെടുത്തി ധനകാര്യകമ്മീഷൻ വിഹിതമായി 600 ലക്ഷം രൂപയും, ഡയഗ്നോസ്റ്റിക് സേവനം ശക്തിപ്പെടുത്തൽ എന്ന സ്കീമിൽ ധനകാര്യകമ്മീഷൻ വിഹിതമായി 400 ലക്ഷം രൂപയും, നാഷണൽ ലെപ്രസി ഇറാഡിക്കേഷൻ പ്രോഗ്രാം എന്ന സ്കീമിൽ അനുവദിച്ച തുകയിൽ 75% കേന്ദ്രവിഹിതമായും, എൻ.ബി.സി.പി യിൽ അനുവദിച്ച തുകയിൽ 75% കേന്ദ്ര വിഹിതമായും, എൻ.എ.സി.പി, എൻ.റ്റി.സി.ബി എന്നിവയിൽ 100% കേന്ദ്രവിഹിതവും നീക്കിവെച്ചിട്ടുണ്ട്. പെയിൻ & പാലിയേറ്റീവ് കെയർ എന്ന സ്കീമിനും ഡയഗ്നോസ്റ്റിക് |

| | | | |
|---|---|---|---|
| | | | സേവനം ശക്തിപ്പെടുത്തൽ എന്ന സ്കീമിൽ ഉൾപ്പെട്ട പ്രവൃത്തികൾക്ക് 13-ാം ധനകാര്യ കമ്മീഷൻ വിഹിതമായി 1000 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. ആരോഗ്യ വകുപ്പിന് കീഴിൽ പ്രധാന നിർമ്മാണ പ്രവൃത്തികൾക്ക് അധിക കേന്ദ്ര സഹായമായി 2500 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. കൂടാതെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി സ്ഥാപിക്കുന്നതിനായി 1095 ലക്ഷം രൂപയും അധിക കേന്ദ്രസഹായമായി വകയിരുത്തിയിട്ടുണ്ട്. മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിനായി 1 കോടി 92 ലക്ഷം രൂപയുടെയും കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. |
| (സി) | ഏതെല്ലാം തരത്തിലുള്ള നിർമ്മാണങ്ങൾക്കാണ് പദ്ധതികൾക്ക് അനുവദിച്ചിട്ടുള്ള തുക വിനിയോഗിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കാമോ ; | (സി) | ആരോഗ്യ വകുപ്പിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങൾ ശക്തിപ്പെടുത്തലിന്റെ ഭാഗമായി സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണം, ഡി-അഡിക്ഷൻ സെന്ററുകളുടെ നിർമ്മാണം, മെറ്റേണിറ്റി യൂണിറ്റ് സ്ഥാപിക്കൽ, മാനസികാരോഗ്യ കേന്ദ്രങ്ങളുടെ അഭിവൃദ്ധിപ്പെടുത്തൽ, തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളിൽ ലാബ് സൗകര്യം ശക്തിപ്പെടുത്തൽ, പാലിയേറ്റീവ് കെയർ യൂണിറ്റ് നിർമ്മാണം, വാർഡ് നിർമ്മാണം, കീമോതെറാപ്പി യൂണിറ്റ് സ്ഥാപിക്കൽ, പുതിയ കെട്ടിട നിർമ്മാണം, പബ്ലിക് ഹെൽത്ത് ലാബുകളുടെ അഭിവൃദ്ധിപ്പെടുത്തൽ, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി നിർമ്മാണം, ന്യൂബോൺ സ്റ്റെബിലൈസേഷൻ യൂണിറ്റിന്റെയും സ്പെഷ്യൽ ന്യൂബോൺ കെയർ യൂണിറ്റിന്റെയും നിർമ്മാണവും മെഡിക്കൽ ഉപകരണങ്ങൾ വാങ്ങി സ്ഥാപിക്കുക മുതലായ പ്രവർത്തനങ്ങൾക്കാണ് തുക വിനിയോഗിക്കുന്നത്. |
| (ഡി) | നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) | നിർമ്മാണ പ്രവർത്തികൾ നടപ്പിലാക്കുന്നത് പി.ഡബ്യൂ.ഡി യെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. 2210 ശീർഷകത്തിൽ ടി നിർമ്മാണ പ്രവൃത്തികൾക്ക് അനുവദിച്ച ഫണ്ടുകൾ പി.ഡബ്യൂ.ഡി യ്ക്ക് കൈമാറിക്കൊണ്ടിരിക്കുകയാണ്. 4210 ൽ അനുവദിച്ച ഫണ്ട് പി.ഡബ്യൂ.ഡി തന്നെയാണ് കൈകാര്യം ചെയ്യുന്നത്. ഈ പദ്ധതികൾക്ക് ലഭിച്ച ഭരണാനുമതികൾ ബന്ധപ്പെട്ട പി.ഡബ്യൂ.ഡി വിഭാഗങ്ങൾക്ക് കൈമാറിയിട്ടുണ്ട്. തുടർ |

പ്രവർത്തനങ്ങൾ നടന്നുവരുകയാണ്. കൂടാതെ പ്രോജക്ട് ഏറ്റെടുത്ത എജൻസികളുമായി പ്രതിമാസ അവലോകനവും, സാങ്കേതിക വിഷയങ്ങളിൽ സഹായം നൽകുന്നതിന് എൻ.ആർ.എച്ച്.എം പ്രത്യേക ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ച് സ്ഥല സന്ദർശനം നടത്തിയും പ്രോജക്ടുകൾ സമയ ബന്ധിതമായി പൂർത്തിയാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ